
01
2021
സെപ്റ്റംബർ
ബുധൻ
1197
ചിങ്ങം 16

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 144 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-144 പേജ് 4. വില 2.00 രൂപ

02 കോവിഡ് ബാധിച്ചവരിൽ ഒരു ഡോസ് വാക്സിനിലൂടെ ഉയർന്ന പ്രതിരോധ ശേഷി
03 രോഗവ്യാപനം കൂടിയ തദ്ദേശസ്ഥാപന പരിധികളിൽ ലോക്ക് ഡൗൺ നിയന്ത്രണം
04 മൈസൂരു പീഡനം; നിരവധി കമിതാക്കൾ ഇരയായെന്ന് സൂചന

# പുതിയ കോവിഡ് വകഭേദം; കരുതലെടുത്ത് കേരളം

തിരുവനന്തപുരം: കോവിഡ് വൈറസിൻറെ അപകടകരമായ പുതിയ വകഭേദം കണ്ടെത്തിയ സാഹചര്യത്തിൽ വിമാനത്താവളങ്ങളിൽ പ്രത്യേക പരിശോധന നടത്താൻ സംസ്ഥാന സർക്കാർ തീരുമാനം. ദക്ഷിണാഫ്രിക്കയിൽ പുതിയ വകഭേദമായ സി.1.2 വകഭേദം സ്ഥിരീകരിച്ച പശ്ചാത്തലത്തിലാണ് തീരുമാനം.



ദക്ഷിണാഫ്രിക്ക ഉൾപ്പടെ എട്ട് രാജ്യങ്ങളിൽ നിന്ന് വരുന്നവരെ പ്രത്യേകം നിരീക്ഷിക്കും. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന കോവിഡ് അവലോകന യോഗത്തിലാണ് തീരുമാനം. 60 വയസിന് മുകളിലുള്ളവരുടെ വാക്സിനേഷൻ ഉടനെ പൂർത്തിയാക്കാനും നിർദേശം നൽകി.

അതേസമയം, സി.1.2 എന്ന പുതിയ വൈറസ് വകഭേദത്തിന് വ്യാപനശേഷി കൂടുതലാണെന്നും വാക്സിനെ മറികടക്കുമെന്നുമാണ് ഗവേഷകർ പറയുന്നത്. പുതിയ വേരിയൻറിന് കൂടുതൽ മ്യൂട്ടേഷനുകൾ ഉണ്ടാകുമെന്നും വേരിയൻറിനെ കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തണമെന്നുമാണ് ഗവേഷകരുടെ ആവശ്യം.

2019ൽ വുഹാനിൽ കണ്ടെത്തിയ ആദ്യ വൈറസിൽ നിന്ന് ഏറെ വ്യത്യസ്തമാണ് പുതിയ വകഭേദം. മേയിൽ ദക്ഷിണാഫ്രിക്കയിലാണ് വകഭേദം ആദ്യം കണ്ടെത്തിയത്. സി.1.2 എന്നു പേരിട്ടിരിക്കുന്ന പുതിയ വകഭേദത്തിൻറെ സാന്നിധ്യം ചൈന, കോംഗോ, മൗറീഷ്യസ്, ഇംഗ്ലണ്ട്, ന്യൂസീലൻഡ്, പോർച്ചുഗൽ, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിലും കണ്ടെത്തിയിട്ടുണ്ടെന്ന് ഗവേഷകർ പറഞ്ഞു.

ലോകത്ത് ഇതുവരെ തിരിച്ചറിഞ്ഞവയിൽ ഏറ്റവുമധികം ജനിതക വ്യതിയാനം വന്ന വകഭേദമാണിത്. സി.1.2 വകഭേദം ഇപ്പോഴത്തെ വാക്സിനുകളുടെ ഫലപ്രാപ്തി കുറച്ചേക്കും. അതീവ ജാഗ്രത വേണമെന്നും ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു.



## സുപ്രീംകോടതിയിൽ ഒൻപത് പുതിയ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്തു

ന്യൂഡൽഹി: ഒൻപത് പുതിയ ജഡ്ജിമാരുടെ സത്യപ്രതിജ്ഞ രാവിലെ നടന്നു. കേരള ഹൈക്കോടതി ജഡ്ജി സി.ടി.രവികുമാർ ഉൾപ്പടെയുള്ളവരാണ് രാവിലെ സത്യവാചകം ചൊല്ലിയത്. ആലപ്പുഴ മാവേലിക്കര സ്വദേശിയാണ് രവികുമാർ. ആദ്യമായാണ് ഒൻപത് ജഡ്ജിമാർ ഒറ്റദിവസം സുപ്രീംകോടതിയിൽ ചുമതലയേൽക്കുന്നത്. സാധാരണയായി ചീഫ് ജസ്റ്റീസിൻറെ ചേംബറിലാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ നടക്കുന്നത്. എന്നാൽ കോവിഡ് സാഹചര്യം പരിഗണിച്ച് സുപ്രീംകോടതി ഓഡിറ്റോറിയത്തിലാണ് ചടങ്ങ് നടന്നത്. പുതിയ ഒൻപത് ജഡ്ജിമാർ കൂടി എത്തിയതോടെ സുപ്രീംകോടതിയിൽ ജഡ്ജിമാരുടെ എണ്ണം 33 ആയി.

## തിരുവനന്തപുരത്ത് നടുറോഡിൽ ഭർത്താവ് ഭാര്യയെ വെട്ടിക്കൊന്നു

തിരുവനന്തപുരം: നടുറോഡിൽ ഭർത്താവ് ഭാര്യയെ വെട്ടിക്കൊന്നു. തിരുവനന്തപുരം ചെങ്കോട്ടുകോണം ശാസ്തവട്ടത്താണ് സംഭവം. ഷീബ (38) എന്ന യുവതിയെ ഭർത്താവ് സുരേഷ് വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.

കുടുംബപ്രശ്നമാണ് കൊലപാതകത്തിന് പിന്നിലെന്നാണ് പ്രാഥമിക നിഗമനം. ഷീബ ജോലികഴിഞ്ഞ് വീട്ടിലേക്ക് മടങ്ങവെ സെൽവരാജ് കത്തികൊണ്ട് വെട്ടിയും കുത്തിയും പരിക്കേൽപ്പിക്കുകയായിരുന്നു. ഉടൻതന്നെ ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിച്ചു.

സംഭവത്തിൽ സെൽവരാജിനെ പോത്തൻകോട് പോലീസ് കസ്റ്റഡിയിലെടുത്തു.

## ടൈംടേബിൾ പുതുക്കി; പരീക്ഷകൾക്കിടയിലെ ഇടവേള വർധിപ്പിച്ചു

തിരുവനന്തപുരം: ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാം വർഷ പരീക്ഷാ ടൈംടേബിളുകൾ പുതുക്കി. പരീക്ഷകൾക്കിടയിൽ ഇടവേള ഇല്ലാത്തത് വിദ്യാർഥികളെ വലയ്ക്കുന്നുവെന്ന പരാതി ഉയർന്നതിൻറെ പശ്ചാത്തലത്തിലാണ് തീരുമാനം.

പരീക്ഷകൾക്കിടയിലെ ഇടവേള കൂട്ടിയാണ് പുതിയ ടൈംടേബിൾ പുറത്തിറക്കിയത്. ആറു മുതൽ 16 വരെ ഹയർ സെക്കൻഡറി പരീക്ഷ എന്നത് പുതുക്കിയ ടൈംടേബിൾ പ്രകാരം ആറ് മുതൽ 27 വരെയാകും. ഏഴു മുതൽ 16 വരെ വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ എന്നത് ഏഴ് മുതൽ 27 വരെയാകും.

ഒരു പരീക്ഷ കഴിഞ്ഞാൽ രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് അടുത്ത പരീക്ഷ എന്ന രീതിയിലാണ് ടൈം ടേബിളുകൾ ക്രമീകരിച്ചിരിക്കുന്നത്. ചില വിഷയങ്ങളിലെ പരീക്ഷകൾ തമ്മിൽ അതിലേറെ ദിവസങ്ങളുടെ ഇടവേളയുണ്ട്.



## പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കണം; താലിബാനുമായി ചർച്ച നടത്തി ഇന്ത്യ

ദോഹ: അഫ്ഗാനിസ്ഥാനിലെ ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താലിബാനുമായി ചർച്ച നടത്തി ഇന്ത്യ. ഖത്തറിലെ ഇന്ത്യൻ സ്ഥാനപതി ദീപക് മിത്തലും താലിബാൻ നേതാവ് ഷേർ മുഹമ്മദ് അബ്ബാസ് സ്താനേക്സായിയുമാണ് ദോഹയിൽ കൂടിക്കാഴ്ച നടത്തിയത്.

അഫ്ഗാനിൽ കുടുങ്ങിയ ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് താലിബാനോട് ചർച്ചയിൽ ആവശ്യപ്പെട്ടു. അഫ്ഗാൻ മണ്ണ് ഭീകരവാദികൾക്ക് താവളമാകരുത് എന്ന് നിർദ്ദേശിക്കുകയും ചെയ്തു. താലിബാൻറെ ആവശ്യപ്രകാരമാണ് ചർച്ച നടന്നതെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## സംസ്ഥാനത്ത് ഇന്ന് 30,203 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു; ടിപിആർ 18.86

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 30,203 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,60,152 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18.86 ആണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 115 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 20,788 ആയി.

മലപ്പുറം 3576, എറണാകുളം 3548, കൊല്ലം 3188, കോഴിക്കോട് 3066, തൃശൂർ 2806, പാലക്കാട് 2672, തിരുവനന്തപുരം 1980, കോട്ടയം 1938, കണ്ണൂർ 1927, ആലപ്പുഴ 1833, പത്തനംതിട്ട 1251, വയനാട് 1044, ഇടുക്കി 906, കാസർഗോഡ് 468 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 20,687 പേർ രോഗമുക്തി നേടി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 147 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 28,419 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1521 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 116 ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു.

സംസ്ഥാനത്ത് 2,18,892 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 38,17,004 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,45,393 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 5,13,686 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 31,707 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2698 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 81 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 215 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. ഏഴിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.




## വീണ്ടും ഇരട്ട മെഡൽ; ടോക്കിയോയിൽ കുതിപ്പ് തുടർന്ന് ഇന്ത്യ

ടോക്കിയോ: പാരാലിമ്പിക്സിൽ ഇന്ത്യയ്ക്ക് പത്താം മെഡൽ. ഹൈജമ്പിലാണ് ഇന്ത്യ ഏറ്റവും അവസാനമായി ഇരട്ട മെഡൽ നേട്ടം സ്വന്തമാക്കിയത്.

പുരുഷന്മാരുടെ ഹൈജമ്പ് ടി63 വിഭാഗത്തിൽ മാരിയപ്പൻ തങ്കവേലു വെള്ളി മെഡൽ നേടി. മാരിയപ്പനൊപ്പം മത്സരിച്ച ഇന്ത്യൻ താരം ശരത് കുമാറിനാണ് വെങ്കലം. സീസണിലെ ഏറ്റവും മികച്ച പ്രകടനമായ 1.86 മീറ്റർ കണ്ടെത്തിയാണ് തങ്കവേലു മാരിയപ്പൻ വെള്ളി നേടിയത്. 2016ൽ ബ്രസീലിൽ വെച്ച് നടന്ന റിയോ പാരാലിമ്പിക്സിൽ ഇന്ത്യയ്ക്ക് വേണ്ടി അദ്ദേഹം സ്വർണം നേടിയിരുന്നു.

## പി.വി. അൻവർ എംഎൽഎയുടെ റിസോർട്ട് തടയണ പൊളിക്കാൻ ഉത്തരവ്

കോഴിക്കോട്: പി.വി. അൻവർ എംഎൽഎയുടെ ഉടമസ്ഥതയിലുള്ള കക്കാടംപൊയിൽ റിസോർട്ടിലെ നാലു തടയണകൾ പൊളിച്ചുമാറ്റാൻ ഉത്തരവ്. സ്വാഭാവിക നീരൊഴുക്ക് തടഞ്ഞു തടയണ നിർമ്മിച്ചെന്ന് ചൂണ്ടിക്കാട്ടി കോഴിക്കോട് ജില്ലാ കലക്ടറുടേതാണ് ഉത്തരവ്. കേരള നദീസംരക്ഷണ സമിതി നൽകിയ ഹർജിയിൽ തടയണ പൊളിക്കണമെന്ന് ഹൈക്കോടതി നിർദേശം നൽകിയിരുന്നു. നാലു തടയണകളും ഒരു മാസത്തിനകം പൊളിച്ച് നീക്കണമെന്നും അതിൻറെ ചിലവ് പാർക്കിൻറെ ഉടമയിൽ നിന്ന് ഈടാക്കണമെന്നും കളക്ടറുടെ ഉത്തരവിൽ പറയുന്നു.

## ഇന്ത്യ സുപ്രധാന രാജ്യം; വാണിജ്യബന്ധം ആഗ്രഹിക്കുന്നതായി താലിബാൻ

കാബൂൾ: ഇന്ത്യ സുപ്രധാനരാജ്യമാണെന്നും അഫ്ഗാന് ഇന്ത്യയുമായി ഉണ്ടായിരുന്ന വ്യാപാരബന്ധം തുടരാൻ ആഗ്രഹിക്കുന്നുവെന്നും താലിബാൻ. താലിബാന്റെ മുതിർന്ന നേതാവ് ഷേർ മുഹമ്മദ് അബ്ബാസ് സ്താനിക്സായിയാണ് വാണിജ്യ വ്യാപാര മേഖലയിൽ ഇന്ത്യയുമായി ബന്ധം തുടരാൻ ആഗ്രഹിക്കുന്നതായി വ്യക്തമാക്കിയത്. പഷ്തു ഭാഷയിൽ പുറത്തു വിട്ട 46 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിലാണ് സ്താനിസ്കായി ഇന്ത്യയുമായുള്ള ബന്ധത്തെക്കുറിച്ച് പരാമർശിച്ചത്. അഫ്ഗാൻ ഭരണം പിടിച്ചതിന് പിന്നാലെ ഇന്ത്യയുമായുള്ള വ്യാപാര ബന്ധങ്ങൾ താലിബാൻ നിർത്തലാക്കിയിരുന്നു. പാകിസ്ഥാൻ, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധത്തെക്കുറിച്ചും അദ്ദേഹം പരാമർശിക്കുന്നുണ്ട്. അതേസമയം അഫ്ഗാനിൽ ശരിയത് അടിസ്ഥാനമാക്കിയുള്ള ഭരണം നടപ്പാക്കും. സർക്കാർ രൂപീകരണത്തിന് വേണ്ടി കാബൂളിൽ വിവിധ ഗ്രൂപ്പുകളുമായി കൂടിയാലോചനകൾ നടക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സ്വർണക്കടത്ത് തടയാൻ അധികാരികൾക്ക് കഴിയുന്നില്ലെന്ന് ഹൈക്കോടതി

കൊച്ചി: സ്വർണക്കടത്ത് തടയാൻ അധികാരികൾക്ക് കഴിയുന്നില്ലെന്ന പരാമർശവുമായി ഹൈക്കോടതി. കസ്റ്റംസ് ജാഗ്രത പുലർത്തിയിട്ടും നിരന്തരം കേസ് രജിസ്റ്റർ ചെയ്തിട്ടും സ്വർണക്കടത്തു ദിനംപ്രതി വർധിക്കുകയാണ്. പല കാരണങ്ങളാൽ അധികൃതർക്ക് ഇതു നിയന്ത്രിക്കാൻ കഴിയുന്നില്ലെന്ന് സിംഗിൾ ബെഞ്ച് കുറ്റപ്പെടുത്തി.

കരിപ്പൂർ സ്വർണക്കടത്ത് കേസിലെ മുഖ്യപ്രതി അർജുൻ ആയങ്കിക്ക് ജാമ്യം അനുവദിച്ചുള്ള ഉത്തരവിലാണ് ഹൈക്കോടതിയുടെ പരാമർശം. അർജുൻ ആയങ്കി 60 ദിവസം റിമാൻഡിൽ കഴിഞ്ഞിട്ടും കസ്റ്റംസ് കുറ്റപത്രം നൽകിയില്ലെന്ന വിലയിരുത്തിയാണ് ജസ്റ്റീസ് വി. ഷെർസി ജാമ്യം നൽകിയത്. മൂന്നു മാസത്തേക്ക് കണ്ണൂർ ജില്ലയിൽ പ്രവേശിക്കരുതെന്നും നിർദേശമുണ്ട്.

# സംസ്ഥാനത്ത് 13,651 പട്ടയങ്ങൾ വിതരണം ചെയ്യും: റവന്യു മന്ത്രി കെ രാജൻ

തൃശൂർ: സെപ്റ്റംബർ 14 ന് തൃശൂർ ടൗൺ ഹാളിൽ നടക്കുന്ന സംസ്ഥാനതല പട്ടയവിതരണമേളയുടെ ഭാഗമായി 13,651 പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന് റവന്യൂ മന്ത്രി അഡ്വ കെ രാജൻ. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായാണ് പട്ടയ വിതരണം സംഘടിപ്പിക്കുന്നതെന്നും തൃശൂർ പ്രസ് ക്ലബിൽ മീറ്റ് ദ പ്രസിൽ മന്ത്രി കെ രാജൻ പറഞ്ഞു.

നൂറ് ദിവസം കൊണ്ട് 10,000 പട്ടയം കൊടുക്കാനാണ് സർക്കാർ പദ്ധതിയിട്ടത്. എന്നാൽ 13651 പട്ടയങ്ങൾ ഭൂവുടമകൾക്ക് കൊടുക്കാൻ തയ്യാറായിക്കഴിഞ്ഞു. ഇതിൽ 3505 പട്ടയം തൃശൂർ ജില്ലയിൽ മാത്രം വിതരണം ചെയ്യും.

ഇതിൽ 240 വനഭൂമി പട്ടയങ്ങളും ഉൾപ്പെടുന്നു. വനഭൂമി പട്ടയങ്ങളിൽ 40 കൊല്ലമായി ഉണ്ടാക്കാൻ കഴിയാത്ത നേട്ടമാണ് ഇടതുപക്ഷ സർക്കാർ കൈവരിച്ചത്. കഴിഞ്ഞ രണ്ടു പട്ടയമേളകളിലാണ് കൂടുതൽ വനഭൂമി പട്ടയങ്ങൾ നൽകിയത്. ഇത്തവണ 240 വനഭൂമി പട്ടയങ്ങൾ നൽകുമ്പോൾ 2800 ഓളം അപേക്ഷകൾ നടപടികൾ പൂർത്തിയാക്കി കേന്ദ്രത്തിന് അയക്കാൻ തയ്യാറായിട്ടുമുണ്ട്. 700 ഓളം എണ്ണം രേഖകൾ തയ്യാറായി വരുന്നുവെന്നും മന്ത്രി പറഞ്ഞു.

നിലവിൽ വാസയോഗ്യമല്ലാത്ത പട്ടയം നൽകിയെന്ന പരാതി പരിഹരിക്കാൻ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. ഏറ്റവുമാദ്യം ആദിവാസി ഭൂമികളിലെ പരാതികൾ പരിഹരിക്കും.

നൽകുന്ന പട്ടയങ്ങളിൽ പരാതിയുണ്ടാകരുതെന്ന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുമ്പുണ്ടായിരുന്ന വീഴ്ചകൾ സർക്കാർ പരിശോധിക്കുന്നുണ്ട്.



*ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഐ.എസ്.ഒ അംഗീകാരം നേടിയ ഓയൂർ അക്ഷയകേന്ദ്രത്തിനുള്ള സർട്ടിഫിക്കറ്റ് സംരംഭകൻ ഹുസൈന് കൈമാറുന്നു*

# കോവിഡ് ബാധിച്ചവരിൽ ഒരു ഡോസ് വാക്സിനിലൂടെ ഉയർന്ന പ്രതിരോധ ശേഷി

കൊച്ചി: കോവിഡ് വന്നതിന് ശേഷം ഒരു ഡോസ് കോവിഷീൽഡ് വാക്സിൻ സ്വീകരിച്ചവർക്ക് കൂടുതൽ പ്രതിരോധശേഷിയെന്ന് പഠനം. ക്ലിനിക്കൽ ഇമ്യൂണോളജിസ്റ്റായ ഡോ. പദ്മനാഭ ഷേണായിയാണ് പഠനഫലം പുറത്തു വിട്ടത്. കൊച്ചിയിലെ കെയർ ആശുപത്രിയിൽ നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമായത്. മുൻപ് കോവിഡ് ബാധിച്ചവർക്ക് ഒരു ഡോസ് വാക്സിൻ സ്വീകരിച്ചാലുണ്ടാകുന്ന പ്രതിരോധ ശേഷിയെ ഹൈബ്രിഡ് ഇമ്യൂണിറ്റി എന്നാണ് വിളിക്കുന്നത്. വാക്സിനിലൂടെ ലഭിക്കുന്നതും രോഗം വന്ന് ഭേദമാകുന്നതോടെ ലഭിക്കുന്നതുമായ പ്രതിരോധ ശേഷിയേക്കാൾ കൂടുതൽ ഫലപ്രദമാണ് ഹൈബ്രിഡ് ഇമ്യൂണിറ്റിയെന്ന് ഡോ. ഷേണായി വിശദീകരിച്ചു.

രോഗം വരാതെ രണ്ട് ഡോസ് വാക്സിൻ എടുത്തവരേക്കാളും രോഗബാധയിലൂടെ ആർജ്ജിത പ്രതിരോധം ലഭിച്ചവരേക്കാളും 30 ഇരട്ടി പ്രതിരോധശേഷി ഹൈബ്രിഡ് ഇമ്യൂണിറ്റിയുള്ളവർക്കുണ്ടെന്ന് പഠനത്തിൽ തെളിഞ്ഞു. കോവിഡ് ബാധിച്ചവരോ വാക്സിൻ എടുത്തവരോ ആയ 1500 ഓട്ടോ ഇമ്യൂൺ റൂമാറ്റിക് രോഗികളിലാണ് പഠനം നടത്തിയത്. ഒറ്റ ഡോസ് വാക്സിനിലൂടെ തന്നെ ശരീരത്തിന് വൈറസിനെ കീഴടക്കാനുള്ള ശേഷി ലഭിക്കും. ഇത് കൂടുതൽ കാലം നീണ്ടുനിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവരിൽ രോഗാണുക്കളോട് പൊരുതുന്ന ആന്റിബോഡികളുടെ സാന്നിധ്യം 20 ആണെങ്കിൽ രോഗം ബാധിച്ച് ആർജ്ജിത പ്രതിരോധമുണ്ടായവരിൽ ഇത് 87 ആണ്. രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവരിൽ ഇതിന്റെ അളവ് 322 ആയിരിക്കും. അതേസമയം രോഗം ബാധിച്ച ശേഷം ഒരു ഡോസ് വാക്സിൻ എടുത്തവരിൽ ആന്റിബോഡി സാന്നിധ്യം 11144 ആയിരിക്കുമെന്നാണ് പഠനം തെളിയിച്ചത്. അതുകൊണ്ടുതന്നെ ഇത്തരം ആളുകളിൽ രണ്ടാം ഡോസിന്റെ ആവശ്യമുണ്ടാകുന്നില്ല. മൂന്നു കോടിയോളം വാക്സിൻ ഡോസുകൾ ഇതിലൂടെ ലാഭിക്കാനാകുമെന്നും വാക്സിൻ ക്ഷാമം പരിഹരിക്കാൻ ഇത് വലിയൊരളവു വരെ സഹായകമാകുമെന്നും ഡോ. ഷേണായി വ്യക്തമാക്കി.

# റവന്യു വകുപ്പിൽ സമ്പൂർണ നവീകരണം: സെപ്റ്റംബർ മുതൽ ഫയൽ അദാലത്ത്

തൃശൂർ: റവന്യു വകുപ്പിൽ ഫയലുകൾ കെട്ടിക്കിടക്കുന്നു എന്ന പരാതി പരിഹരിക്കാൻ സത്വര നടപടി. ഇതിനായി സമയബന്ധിതമായി ഫയൽ അദാലത്തുകൾ സംഘടിപ്പിക്കും. സാധാരണ രീതിയിലുള്ള താഴേത്തട്ടിൽ നിന്നുള്ള അദാലത്തിനിൽ നിന്ന് ഭിന്നമായി മുകളിൽ നിന്ന് താഴേക്ക് റിവേഴ്സ് രീതിയിലായിരിക്കും അദാലത്ത്. ആദ്യത്തെ അദാലത്ത് സെപ്റ്റംബറിൽ വകുപ്പ് മന്ത്രി നേരിട്ടു പങ്കെടുത്ത് സെക്രട്ടറിയേറ്റിൽ നടക്കും. സെക്രട്ടറിയേറ്റിലെ റവന്യു ഫയലുകൾ ആദ്യം കാലിയാക്കിയാൽ താഴെയുള്ളവ ക്രമേണ കാലിയാകുമെന്ന് റവന്യു മന്ത്രി കെ രാജൻ പറഞ്ഞു. ഒക്ടോബറിൽ ലാന്റ് റവന്യു കമ്മിഷണറേറ്റിലും 14 കളക്ടറേറ്റുകളിലും അദാലത്ത് നടക്കും. നവംബറിൽ താലൂക്ക് ഓഫീസുകളിലെ ഫയൽ അദാലത്തുകൾ ജില്ലാ കളക്ടർമാർ നേരിട്ട് ചെന്ന് പരിശോധിക്കും. ഡിസംബറിൽ 1666 വില്ലേജുകളിലെയും രേഖകൾ ചുമതലക്കാരായ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പരിശോധിച്ച് തീർപ്പു കൽപ്പിക്കും. ഈ നടപടികളെല്ലാം ക്രോഡീകരിക്കുന്നതിനു വേണ്ടിയാണ് റവന്യു സെക്രട്ടറിയേറ്റ് എന്ന ആശയം ഇടതു സർക്കാർ നടപ്പാക്കിയത്. ലാന്റ് ട്രിബ്യൂണലിൽ 1,27,828 കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. രണ്ടു വർഷം കൊണ്ട് ഈ കേസുകൾ തീർക്കാൻ നടപടിയെടുക്കും. താലൂക്ക് ലാന്റ് ബോർഡിൽ 1500 ലേറെ മിച്ചഭൂമി കേസുകളുണ്ട്. അതിൽ തീർപ്പുണ്ടാക്കി അർഹരായ സാധാരണക്കാർക്ക് ഭൂമി ലഭ്യമാക്കുകയെന്നതും റവന്യു വകുപ്പിന്റെ പദ്ധതിയിലുണ്ട്. സംസ്ഥാനത്ത് കൈവശാവകാശ രേഖ തെളിയിക്കാനുള്ള 49 കേസുകളാണ് നിലവിലുള്ളത്. ഹാരിസൺ മലയാളം ഉൾപ്പെടെ വൻകിട കേസുകൾ ഇതിൽ പെടുന്നു. രാജമാണിക്യം കമ്മറ്റി റിപ്പോർട്ട് അനുസരിച്ച് ചുരുങ്ങിയത് രണ്ടര ലക്ഷം ഹെക്ടർ സ്ഥലമെങ്കിലും ഈ കേസുകൾ തീർപ്പാക്കിയാൽ തിരിച്ചു പിടിക്കാൻ കഴിയും. ഒരിഞ്ചു ഭൂമി പോലും സർക്കാരിന് നഷ്ടമാകരുതെന്നതുകൊണ്ട് ആറ് കേസുകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ബാക്കി കേസുകൾ വൈകാതെ രജിസ്റ്റർ ചെയ്ത് കൃത്യതയോടെ ഭൂമി ഏറ്റെടുക്കും. സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 1966 ൽ ആരംഭിച്ച റീസർവേ 909 വില്ലേജുകളിൽ മാത്രമാണ് പൂർത്തിയായത്. എന്നാൽ ഇനിയുള്ള നാലു വർഷം കൊണ്ട് സർവേ പൂർത്തിയാക്കാൻ സമ്പൂർണ ഡിജിറ്റൽ സർവേക്ക് റവന്യു വകുപ്പ് തയ്യാറെടുക്കുന്നു. ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതം 1200 വില്ലേജിലും അവസാനത്തെ വർഷം 350 വില്ലേജും എന്ന രീതിയിലാണ് സർവേ നടക്കുക. ശ്രമകരമായ ദൗത്യത്തിന് 807 കോടിയാണ് ചെലവ്. 54 വർഷം കൊണ്ട് 54 ശതമാനം മാത്രം പൂർത്തിയായ സർവേയാണ് നാലു വർഷം കൊണ്ട് പൂർത്തിയാകാൻ പോകുന്നത്. ഡിജിറ്റൽ സർവേ പൂർത്തിയാകുന്നതോടെ ഭൂവിനിമയത്തിന് ഒരു സമഗ്രമായ പോർട്ടൽ ലഭ്യമാകും. വകുപ്പിലെ എല്ലാ സേവനങ്ങളും സ്മാർട്ട് എന്നതാണ് ലക്ഷ്യം. എല്ലാവർക്കും എവിടെയിരുന്നും ഭൂ നികുതി അടയ്ക്കാവുന്ന പോർട്ടൽ സെപ്റ്റംബർ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഭൂമി തരംമാറ്റലിനുള്ള മൊഡ്യൂളും അന്ന് മുഖ്യമന്ത്രി പുറത്തിറക്കും. മൂന്നു വർഷത്തിനകം ഭൂമിയുടെ എല്ലാ വിവരങ്ങളും മൊബൈലിൽ ലഭ്യമാകുന്ന തരത്തിൽ ആധുനികവത്കരണം പൂർത്തിയാകും.

# ഇരുപത് കിലോ കഞ്ചാവുമായി സ്ത്രീയടക്കം പിടിയിൽ

കോഴിക്കോട്: ഇരുപത് കിലോ കഞ്ചാവുമായി സ്ത്രീയടക്കം രണ്ട് പേർ പിടിയിൽ. തൃശൂർ സ്വദേശിയും ബ്യൂട്ടിപാർലർ നടത്തിപ്പുകാരിയുമായ ലീന(43), ബേക്കറി ജീവനക്കാരൻ പാലക്കാട് പട്ടാമ്പി സ്വദേശി സനൽ (35) എന്നിവരാണ് കുന്ദമംഗലം ടൗണിൽ വെച്ച് ഇന്നലെ രാവിലെ പൊലീസിന്റേയും ഫ്ലയിംഗ് സ്ക്വാഡായ ഡാൻസാഫിന്റേയും പിടിയിലായത്. ഇവരിൽ നിന്ന് 20 കിലോ കഞ്ചാവാണ് പിടികൂടിയത്. കോഴിക്കോട് നിന്നും വയനാട്ടിലേക്ക് വിൽപ്പനയ്ക്ക് കൊണ്ടു പോവുകയായിരുന്നു ഇത്. രഹസ്യവിവരത്തെ തുടർന്ന് കുന്ദമംഗലം സിഐ യൂസഫ് നടുത്തറേമ്മലും എസ്ഐ എ അഷ്റഫും ഡെൻസാഫ് അംഗങ്ങളും ഇരുവരേയും കേന്ദ്രീകരിച്ച് അന്വേഷണം ആരംഭിച്ചിരുന്നു. തുടർന്ന് വിവിധ ഭാഗങ്ങളിൽ വാഹന പരിശോധനയും ശക്തമാക്കിയിരുന്നു. അതിനിടെയാണ് ഇന്നലെ രാവിലെ കാറുമായി പുറത്തിറങ്ങിയ ഇവരെ പിടികൂടിയത്. ഒന്നര മാസമായി ഇവർ കോഴിക്കോട് നഗരത്തിൽ ചേവരമ്പലത്ത് വാടകയ്ക്ക് താമസിച്ച് വരികയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ആർക്കാണ് ഇത് എത്തിച്ച് കൊടുക്കാനിരുന്നതെന്ന് പോലീസ് അന്വേഷിക്കുകയാണ്. ഏകദേശം പത്ത് ലക്ഷം രൂപയോളം വിപണി വിലയുള്ളതാണ് പിടിച്ചെടുത്ത സാധനങ്ങൾ. വാടകയ്ക്കെടുത്ത ഹ്യൂണ്ടായ് കാറും കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ലീനയും സനലും വർഷങ്ങളായി കഞ്ചാവ് വിൽപന നടത്തിവരികയാണെന്നാണ് പൊലീസ് പറയുന്നത്. വൻതുക വരുമാനമായി ലഭിക്കാൻ തുടങ്ങിയതോടെ ഇവർ വിവിധ ജില്ലകളിൽ മൊത്ത വിതരണത്തിനിറങ്ങുകയായിരുന്നു. ഇതിനിടെയാണ് പിടിയിലാവുന്നത്. ഡെൻസാഫ് അംഗങ്ങളായ എഎസ്ഐമാരായ മുഹമ്മദ് ഷാഫി, എം സജി, എസ് സിപിഒ അഖിലേഷ്, ജോമോൻ, സിപിഒ എം. ജിനേഷ് എന്നിവരാണ് പ്രതികളെ പിടികൂടിയത്. കഴിഞ്ഞ ആഴ്ച കോഴിക്കോട്ടെ ഒരു ലോഡ്ജിൽ നിന്ന് മയക്കുമരുന്നുമായി ഒരു യുവതിയുൾപ്പെടെ എട്ടുപേരെ പോലീസ് പിടികൂടിയിരുന്നു. കഴിഞ്ഞ ദിവസം മൂന്നരകിലോ കഞ്ചാവുമായി വില്ല്യാപ്പള്ളി സ്വദേശിയെ പന്നിയങ്കര പൊലീസും പിടികൂടിയിരുന്നു.

# ഭിന്നശേഷിക്കാരായ കുട്ടികളുള്ള നിർധന കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ

## 'സ്നേഹ തീർഥം' പദ്ധതി ഉദ്ഘാടനം

തിരുവനന്തപുരം: ഭിന്നശേഷിക്കാരായ കുട്ടികളുള്ള നിർധന കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകാൻ 'സ്നേഹ തീർഥം' പദ്ധതിയുമായി സർക്കാർ. എൻജിനിയേഴ്സ് ഫെഡറേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റിയും റോട്ടറി ഇന്റർനാഷണലും സംയുക്തമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം വെട്ടുകാടുള്ള സെറിബ്രൽ പാൾസി രോഗം ബാധിച്ച കുട്ടിയുടെ വീട്ടിലേക്ക് കുടിവെള്ള കണക്ഷൻ നൽകി മന്ത്രി റോഷി അഗസ്റ്റിൻ പദ്ധതിയുടെ ഉദ്ഘാടനം നാളെ നിർവഹിക്കും. ഒരുപാട് ദൂരം താണ്ടിയാണ് കുടുംബം കുടിവെള്ളം ശേഖരിച്ചിരുന്നത്. വഞ്ചിയൂരുള്ള സമാന സാഹചര്യത്തിലുള്ള മറ്റൊരു കുടുംബത്തിനുള്ള കണക്ഷനും നൽകും.

കേരളത്തിൽ ഇത്തരത്തിൽ ആയിരത്തോളം കുടുംബങ്ങളുണ്ടെന്നാണ് പ്രാഥമിക കണക്കുകൂട്ടൽ. അയ്യായിരം മുതൽ പതിനായിരം രൂപ വരെയാണ് ഒരു കണക്ഷന് വേണ്ടി വരുന്നത്. ഇത്തരം കണക്ഷനുകൾക്ക് വാട്ടർ ചാർജും ഒഴിവാക്കി നൽകും. നിലവിൽ കുട്ടികളുടെ ചികിത്സയ്ക്കായി തന്നെ വലിയ തുക ചെലവഴിക്കുന്ന കുടുംബങ്ങൾക്ക് ഇതു വലിയ ആശ്വാസമായിരിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

നിലവിൽ കുടിവെള്ള കണക്ഷനുള്ള ഭിന്നശേഷിക്കാരായ കുട്ടികളുള്ള നിർധന കുടുംബത്തിന് വാട്ടർ ചാർജ് അടയ്ക്കാനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ച് സർക്കാർ ചർച്ച ചെയ്യുന്നുണ്ട്. തീരുമാനമാകുന്ന മുറയ്ക്ക് ഇതിനുള്ള നടപടിയും സ്വീകരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

മറ്റു ജില്ലകളിലും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി കുടിവെള്ള കണക്ഷൻ നൽകാനുള്ള നടപടികൾ ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് പദ്ധതിയെന്ന് എൻജിനിയേഴ്സ് ഫെഡറേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി വർക്കിങ് പ്രസിഡന്റ് വി എസ് കൃഷ്ണകുമാർ പറഞ്ഞു.

ചടങ്ങിൽ മന്ത്രി ആന്റണി രാജു അധ്യക്ഷനാകും. സംഘടയുടെ പ്രസിഡന്റ് കൂടിയായ ബിനോയ് വിശ്വം എംപി മുഖ്യപ്രഭാഷണം നടത്തും. റോട്ടറി ക്ലബ് ഡിസ്ട്രിക്റ്റ് ഗവർണർ പങ്കെടുക്കും.

# അഫ്ഗാന് സഹായങ്ങൾ നൽകണമെന്ന് ചൈന

ബീജിങ്: അഫ്ഗാനിസ്ഥാനിലെ സ്ഥിതിഗതികൾ അടിസ്ഥാനപരമായ മാറ്റത്തിന് വിധേയമായിക്കഴിഞ്ഞു. അതിനാൽ എല്ലാവരും താലിബാനുമായി ബന്ധം സ്ഥാപിക്കണമെന്നും ആവശ്യമായ സഹായങ്ങൾ ചെയ്യണമെന്നും യുഎസിനോട് ചൈന. അഫ്ഗാനിൽ നിന്ന് സൈന്യത്തെ പിൻവലിക്കുന്നത് തീവ്രവാദ സംഘടനകൾ വീണ്ടും ശക്തിപ്രാപിക്കുന്നതിന് കാരണമാകുമെന്നും ചൈന പ്രതികരിച്ചു. ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനുമായി ടെലിഫോണിൽ നടത്തിയ ചർച്ചയിലാണ് പരാമർശം. അഫ്ഗാനിൽ നിന്ന് യുഎസ് സേനയുടെ പിൻമാറ്റത്തിനുള്ള സമയപരിധി ഇന്ന് അവസാനിക്കാനിരിക്കെ രാജ്യത്തെ സ്ഥിതിഗതികളും ഒഴിപ്പിക്കലും സംബന്ധിച്ചാണ് ഇരു രാജ്യങ്ങളും ചർച്ച ചെയ്തത്.

അഫ്ഗാന് അടിയന്തരമായി ആവശ്യമായ സാമ്പത്തിക, ഉപജീവനമാർഗവും മാനുഷിക സഹായവും നൽകാൻ അന്താരാഷ്ട്ര സമൂഹവുമായി ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. പുതിയ അഫ്ഗാൻ രാഷ്ട്രീയ ഘടന, സർക്കാർ സ്ഥാപനങ്ങളുടെ സാധാരണ പ്രവർത്തനം നിലനിർത്തുക, സാമൂഹിക സുരക്ഷയും സ്ഥിരതയും നിലനിർത്തുക, കറൻസി മൂല്യത്തകർച്ച തടയുക, വിലക്കയറ്റം തടയുക, നേരത്തെ മുതലുള്ള സമാധാനപരമായ പുനർനിർമ്മാണ പ്രവൃത്തികൾ തുടരുക തുടങ്ങിയ കാര്യങ്ങൾക്കായി യുഎസും അന്താരാഷ്ട്ര സമൂഹവും ചേർന്ന് പ്രവർത്തിക്കണമെന്ന് വാങ് പറഞ്ഞു.

## പട്ടയ മേള 14 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

തൃശൂർ ടൗൺ ഹാളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ 25 വനഭൂമി പട്ടയങ്ങൾ ഉൾപ്പെടെ 60 പട്ടയങ്ങളാണ് വിതരണം ചെയ്യുക. ഇതോടൊപ്പം നടക്കുന്ന താലൂക്ക് തല ചടങ്ങുകളിൽ ബന്ധപ്പെട്ട എംപിമാർ, എംഎൽഎമാർ, മററു ജനപ്രതിനിധികൾ എന്നിവർ പട്ടയവിതരണം നിർവഹിക്കുമെന്നും മന്ത്രി പറഞ്ഞു. തൃശൂർ പ്രസ്ക്ലബ് പ്രസിഡന്റ് പ്രഭാത് അധ്യക്ഷത വഹിച്ചു. സെക്രട്ടറി വിനീത സ്വാഗതം പറഞ്ഞു.

# ഇസഞ്ജീവനി: വനിതാ ഡോക്ടർമാരെ ശല്യപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

ആലപ്പുഴ: കോവിഡ്19 വ്യാപനത്തെ തുടർന്ന് ജനങ്ങൾക്ക് ആശുപത്രികളുടെ സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ എർപ്പെടുത്തിയ ടെലി മെഡിസിൻ പദ്ധതിയായ ഇസഞ്ജീവനി പോർട്ടലിൽ കയറി ഡോക്ടർമാരെ നഗ്നത പ്രദർശിപ്പിക്കുന്നതോടൊപ്പം അശ്ലീല സംസാരങ്ങൾ നടത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു വന്ന വില്ലൻ അറസ്റ്റിൽ. രോഗിയാണെന്ന വ്യാജേന ഇസഞ്ജീവനി പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം ഓൺലൈനിലൂടെ അഭിമുഖത്തിനെത്തുന്ന ഡോക്ടറെ തന്റെ നഗ്നത പ്രദർശിപ്പിച്ചുകൊണ്ട് അശ്ലീല സംഭാഷണം മാത്രം നടത്തിവന്ന ഇയാൾ വനിതാ ഡോക്ടർമാർക്ക് സ്ഥിരം ശല്യമായതിനെ തുടർന്ന് വിവിധ ജില്ലകളിൽ നിന്നും പരാതി ഉയർന്നിരുന്നു. ആലപ്പുഴ ജില്ലയിലെ വനിതാ ഡോക്ടറിൽ നിന്നും പൊലീസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മൂന്നു ദിവസങ്ങളിലായി വിവിധ തലങ്ങളിലൂടെ ഇസഞ്ജീവനി പോർട്ടൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിയുടെ ഉറവിടം മനസ്സിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സേവനദാതാക്കളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളിൽ പ്രതി തൃശ്ശൂർ ജില്ലയിൽ മണലൂർ പഞ്ചായത്ത് വാർഡ് 8ൽ കെ എസ് ഇ ബി സബ് സ്റ്റേഷന് സമീപം കരിപ്പയിൽ വീട്ടിൽ സഞ്ജയ് കെ ആർ (25) ആണെന്ന് തിരിച്ചറിഞ്ഞു. പ്രതിയെ തൃശ്ശൂർ ജില്ലയിൽ നിന്നും അറസ്റ്റ് ചെയ്തു. ഇയാളിൽ നിന്നും മൊബൈൽ ഫോൺ, ലാപ്ടോപ്പ് എന്നിവ കണ്ടെടുത്തു. പ്രതിയെ ചേർത്തല കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## കോവിഡ് പ്രതിരോധത്തിന് പിന്തുണ നൽകി ജി.ടെക്കും

ജില്ലയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പിന്തുണയായി കലക്ട്രേറ്റിലെ വാർറൂമിലേക്ക് ലാപ്ടോപ്പുകളും ഓഫീസ് സാമഗ്രികളും സംഭാവന നൽകി ജി.ടെക് ഗ്രൂപ്പ് ഓഫ് ടെക്നോളജി. ചേമ്പറിൽ നടന്ന ചടങ്ങിൽ ജി.ടെക് പ്രതിനിധികൾ ജില്ലാ കലക്ടർ ബി. അബ്ദുൽ നാസറിന് രണ്ട് ലാപ്ടോപ്പുകൾ, 15 ഓഫീസ് കസേരകൾ, കോൺഫറൻസ് മേശ, ഫാനുകൾ തുടങ്ങിയവയാണ് കൈമാറിയത്. ജി.ടെക് സി.ഇ.ഒ വിഷ്ണു, ഇ.വൈ.ജി.ഡി.എസ്.പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധി മറിയ ഉമ്മൻ, അരുൺ, റയ്മണ്ട് ഡൺസ്റ്റൻ തുടങ്ങിയവർ പങ്കെടുത്തു.

# സംരംഭകരുമായി വ്യവസായ മന്ത്രിയുടെ കൂടിക്കാഴ്ച

ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി വ്യവസായ മന്ത്രി പി. രാജീവ് സംഘടിപ്പിക്കുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിക്ക് നാളെ (സെപ്തംബർ 1) ഉച്ചയ്ക്ക് ഒരു മണിക്ക് ആശ്രാമം യൂനുസ് കൺവൻഷൻ സെന്ററിൽ തുടക്കമാകും.

ഇതിനകം സംരംഭങ്ങൾ ആരംഭിച്ചവരേയോ തുടങ്ങാൻ ആഗ്രഹിക്കുന്നവരേയോ ആണ് മന്ത്രി നേരിൽ കാണുന്നത്.

വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും തടസങ്ങളും ശ്രദ്ധയിൽപെടുത്താനാണ് അവസരം. ബന്ധപ്പെട്ട വകുപ്പുകളിലൂടെ പരിഹാരവും സുഗമ വ്യവസായ നടത്തിപ്പുമാണ് ലക്ഷ്യമാക്കുന്നത്.

വ്യവസായ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, ജില്ലാ കലക്ടർ, ഇതര വകുപ്പ് മേധാവികളും ഉദ്യോഗസ്ഥരും അടങ്ങുന്ന വലിയ സംഘം തുടങ്ങിയവർ പങ്കെടുത്ത് പരാതി പരിഹാര നടപടികൾ കൈക്കൊള്ളും.

ജില്ലാ വ്യവസായ കേന്ദ്രം മുഖേന നേരത്തെ പരാതികൾ സ്വീകരിച്ചിരുന്നു.

സംരംഭകർക്ക് വ്യവസായ നടത്തിപ്പിനുള്ള എല്ലാ സൗകര്യങ്ങളും നൽകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഏതെങ്കിലും തലത്തിൽ സാങ്കേതിക തടസങ്ങൾ നേരിടുന്നവർക്ക് അവരുടെ സംരംഭങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള അവസരമാണ്പരിപാടിയിലൂടെ ഒരുക്കുന്നതെന്ന് മന്ത്രി പി.രാജീവ് അറിയിച്ചു.

## ഓയൂർ അക്ഷയ കേന്ദ്രത്തിന് ഐ. എസ്. ഒ അംഗീകാരം

വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഓയൂർ അക്ഷയ കേന്ദ്രത്തിന് ഐ. എസ്. ഒ അംഗീകാരം. ഗ്രാമപഞ്ചായത്ത് ഹാളിൽ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അക്ഷയ കേന്ദ്രം സംരഭകൻ ഹുസൈന് സർട്ടിഫിക്കറ്റ് കൈമാറി. പ്രസിഡന്റ് എം. അൻസാർ അധ്യക്ഷനായി.

സർക്കാർ സർക്കാരിതര ഓൺലൈൻ സേവനങ്ങൾ സമയബന്ധിതമായും ഉപഭോക്തൃസംതൃപ്തി മുൻനിർത്തി നിർവഹിച്ചാണ് അംഗീകാരം നേടിയത്. കഴിഞ്ഞ വർഷം ജില്ലയിലെ മികച്ച കേന്ദ്രത്തിനുള്ള അവാർഡും ഓയൂർ അക്ഷയ കേന്ദ്രത്തിന് ലഭിച്ചിരുന്നു.



പനമൂട് ദേവീക്ഷേത്രത്തിൽ നടന്ന ഇഞ്ചവിള സർക്കാർ സംരക്ഷണ കേന്ദ്രത്തിലെ ഷക്കീലയുടെയും വെള്ളിമൺ സ്വദേശി വിധുരാജിന്റെയും വിവാഹചടങ്ങിൽ മന്ത്രി ജെ. ചിഞ്ചുറാണി ഉപഹാരം നൽകുന്നു. ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ, ഭാര്യ റുക്സാന എന്നിവർ സമീപം

# വേറിട്ട വിവാഹ ചടങ്ങ് മന്ത്രിയുടെ അനുഗ്രഹാശിസുകളോടെ പുതുജീവിതത്തിലേക്ക്

കതിർമണ്ഡപത്തിലേക്ക് നയിക്കാൻ ജില്ലാ കലക്ടർ, അനുഗ്രഹം ചൊരിഞ്ഞ് മന്ത്രി. വേറിട്ട ഒരു വിവാഹത്തിനാണ് ജില്ല സാക്ഷിയായത്. ഇഞ്ചവിള സർക്കാർ സംരക്ഷണ കേന്ദ്രത്തിൽ കഴിഞ്ഞിരുന്ന ഷക്കീലയും വെള്ളിമൺ സ്വദേശി വിധുരാജുമാണ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അനുഗ്രാഹിശ്ശുകളോടെ ജില്ലാ കലക്ടർ ബി. അബ്ദുൽ നാസറിന്റെ കാർമികത്വത്തിൽ പുതുജീവിതത്തിലേക്ക് കടന്നത്. പനമൂട് ദേവീക്ഷേത്രത്തിൽ പകൽ 11 നും 12 നും മധ്യേയുള്ള ശുഭമുഹൂർത്തത്തിലാണ് കോവിഡ് മാനദണ്ഡം പാലിച്ച് ചടങ്ങ് നടത്തിയത്. ആളെണ്ണം പരിമിതമെങ്കിലും സമൂഹത്തിന്റെ പരിച്ഛേദം തന്നെ സുമൂഹൂർത്തത്തിന് സാക്ഷിയായി. കെട്ടുറപ്പുള്ള ദാമ്പത്യജീവിതം നേർന്ന് ഉപഹാരവും കൈമാറിയാണ് മന്ത്രി മടങ്ങിയത്.

രക്ഷകർത്താവിന്റെ സ്ഥാനത്തുനിന്ന് വധുവിനെ മണ്ഡപത്തിലേക്ക് നയിച്ച് വരണമാല്യം കൈമാറിയത് ഇഞ്ചവിള സർക്കാർ സംരക്ഷണ കേന്ദ്രം ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ. അദ്ദേഹത്തിന്റെ ഭാര്യ റുക്സാനയും ചടങ്ങുകളിൽ ആദ്യാവസാനം പങ്കു ചേർന്നു.

തൃക്കരുവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരസ്വതി രാമചന്ദ്രൻ, വനിതാശിശു വികസന ഓഫീസർ എസ്. ഗീതാകുമാരി, സൂപ്രണ്ട് ടി. ജെ. മേരിക്കുട്ടി, സാംസ്കാരിക പ്രവർത്തകർ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, പൊലീസ്വനിതാ ശിശുവികസന വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ആശംസകൾ നേർന്നു.

# കൊട്ടാരക്കരയിൽ അതിഥി തൊഴിലാളികൾക്കായി മെഗാ വാക്സിനേഷൻ ക്യാമ്പ് നടത്തി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരക്കര നഗരസഭ, താലൂക്ക് ആശുപത്രി, ലേബർ ഓഫീസ് എന്നിവ സംയുക്തമായി അതിഥി തൊഴിലാളികൾക്കായി മെഗാ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. വിമലാംബിക എൽ.പി. സ്കൂളിൽ നടത്തിയ ക്യാമ്പിൽ കോവാക്സിനാണ് നൽകിയത്. കൊട്ടാരക്കര, ചടയമംഗലം ലേബർ ഓഫീസ് പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1000 അതിഥി തൊഴിലാളികൾക്കാണ് ആദ്യഘട്ട വാക്സിൻ നൽകിയത്. വാക്സിൻ ലഭിക്കാത്തവർക്കായി വീണ്ടും വാക്സിനേഷൻ ഡ്രൈവ് സംഘടിപ്പിക്കുമെന്ന് കൊട്ടാരക്കര താലൂക്ക് ആശുപത്രി ആർ.എം.ഒ. ഡോ. മെറീന പോൾ പറഞ്ഞു. ശക്തികുളങ്ങര ഫാമിലി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ കാവനാട് അരവിള സെന്റ് ജോർജ് പള്ളിയിലെ മദർ തെരേസ പാരിഷ് ഹാളിൽ വാക്സിനേഷൻ ക്യാമ്പ് നടത്തി. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും വാക്സിനേഷൻ ലഭ്യമാക്കുമെന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജോൺ ബോസ്കോ പറഞ്ഞു. ചിറക്കരയിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വാക്സിനേഷൻ നടപടികൾ പുരോഗമിക്കന്നു കൂടുതൽ പേർക്ക് വാക്സിൻ ലഭ്യമാക്കുന്നതിന് വാക്സിനേഷൻ ഡ്രൈവ് സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്തെന്ന് പ്രസിഡന്റ് അറിയിച്ചു. നിലവിൽ പോളച്ചിറ, മാലാക്കായൽ വാർഡുകളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ പ്രത്യേക നിയന്ത്രണത്തിലാണ്. 42 പേർ ഡിസിസിയിൽ ചികിത്സയിലുണ്ട്. 11503 കോവിഡ് പരിശോധനകൾ ഇതുവരെ നടത്തി. 8689 പേർക്ക് ആദ്യ ഡോസ് വാക്സിനും 3566 പേർക്ക് രണ്ട് ഡോസ് വാക്സിനും ലഭ്യമാക്കി. പത്തനാപുരം ഗ്രാമപഞ്ചായത്തിൽ ഇതുവരെ 35240 പേർക്ക് വാക്സിൻ നൽകി. ഡി.സി.സി.യിൽ 27 രോഗികളാണ് ചികിത്സയിലുള്ളത്. വാർഡുകളിൽ സെക്ടറൽ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ പരിശോധനകൾ സജീവമായി നടത്തുന്നുണ്ടെന്ന് പ്രസിഡന്റ് എസ്. തുളസി പറഞ്ഞു.

കുന്നത്തൂരിൽ നെടിയവിള പ്രീമെട്രിക് ഹോസ്റ്റലിൽ 30 കിടക്കകളുള്ള ഡി.സി.സി ഉടൻ പ്രവർത്തനം ആരംഭിക്കും. പഞ്ചായത്തിൽ രണ്ട് മെഗാ വാക്സിനേഷൻ ക്യാമ്പുകൾ നടത്തി. ആഴ്ചയിൽ രണ്ട് ദിവസം കോവിഡ് പരിശോധനകൾ നടത്തുന്നുണ്ട്. രോഗികൾ കൂടുന്ന പ്രദേശങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇന്ന് (ഓഗസ്റ്റ് 31) ഉച്ചയ്ക്ക് രണ്ടിന് നെടിയവിള സ്കൂൾ ഓഡിറ്റോറിയത്തിൽ കോവിഡ് പരിശോധന നടത്തുമെന്ന് പ്രസിഡന്റ് വത്സലകുമാരി പറഞ്ഞു. ചിതറയിൽ ചക്കമല ഫ്ളാറ്റിൽ പ്രവർത്തിക്കുന്ന ഡി.സി.സി.യിൽ 29 രോഗികൾ ചികിത്സയിലുണ്ട്. മാങ്കോട്, മടത്തറ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആർ.ടി.പി.സി.ആർ, ആന്റിജൻ പരിശോധനകൾ നടത്തി വരുന്നതായും പ്രസിഡന്റ് എം. എസ് മുരളി പറഞ്ഞു.

# രോഗവ്യാപനം കൂടിയ തദ്ദേശസ്ഥാപന പരിധികളിൽ ലോക്ക് ഡൗൺ നിയന്ത്രണം

പ്രതിവാര കോവിഡ് രോഗബാധാ ജനസംഖ്യാനുപാതം(ഡബ്ലിയു.ഐ.പി.ആർ) ഏഴു ശതമാനത്തിൽ കൂടുതലുള്ള ജില്ലയിലെ തദ്ദേശ സ്ഥാപന പരിധികളിൽ ഇന്നലെ(ഓഗസ്റ്റ് 30)അർദ്ധരാത്രി മുതൽ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ അറിയിച്ചു. കൊല്ലം കോർപറേഷനിലെ ഒരു വാർഡിലും കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര, പരവൂർ മുനിസിപ്പാലിറ്റികളിലെ 34 വാർഡുകളിലും 22 ഗ്രാമപഞ്ചായത്തുകളിലുമാണ് നിയന്ത്രണങ്ങൾ.

അഖിലേന്ത്യ ട്രേഡ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക ക്ലാസുകൾ നടത്താൻ ഐ.ടി.ഐകൾക്ക് അനുമതിയുണ്ട്. രാത്രി 10 മുതൽ രാവിലെ ആറു വരെ അടിയന്തര ആവശ്യങ്ങൾക്കൊഴികെയുള്ള യാത്രകൾക്ക് നിരോധനമുണ്ട്. ആശുപത്രി യാത്രകൾക്ക് രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചരക്ക് വാഹനങ്ങൾക്കും അടിയന്തര സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും അടുത്ത ബന്ധുക്കളുടെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുന്നവർക്കും ദീർഘദൂര യാത്രികർക്കും വിമാനം, ട്രെയിൻ, കപ്പൽ, ദീർഘദൂര സർവീസുകൾ എന്നിയ്ക്കായി യാത്ര ചെയ്യുന്നവർക്കും (യാത്രാ രേഖകൾ കൈവശം ഉണ്ടാകണം) ഇളവുകളുണ്ട്. മറ്റ് യാത്രകൾക്ക് അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ നിന്ന് അനുമതി വാങ്ങണം.

ഏഴു ശതമാനത്തിന് മുകളിൽ ഡബ്ലിയു.ഐ.പി.ആർ ഉള്ള തദ്ദേശ സ്ഥാപനം, വാർഡ് /ഡിവിഷൻ, ശതമാനം എന്ന ക്രമത്തിൽ ചുവടെ.

കൊല്ലം കോർപറേഷൻ വാർഡ് 228.62 ശതമാനം,

കരുനാഗപ്പളളി മുനിസിപ്പാലിറ്റിവാർഡ് 2211.54 ശതമാനം, 2511, 1610.3, 2110.14, 109.45, 58.59, 28.26, 237.72, 287.51, 307.42, 207.23, 277.21;

കൊട്ടാരക്കര മുനിസിപ്പാലിറ്റിവാർഡ് 2217.65 ശതമാനം, 2910.47, 269.2, 188.65, 118.59, 138.51, 68.14, 57.75, 197.5;

പരവൂർ മുനിസിപ്പാലിറ്റി വാർഡ് 1837.29, 1413.79, 1712.39, 3212, 1210.83, 1510.16, 79.28, 47.66, 17.44;

പുനലൂർ മുനിസിപ്പാലിറ്റിവാർഡ് 1 29.81 ശതമാനം, 2721.88, 217.51, 3211.58;

പിറവന്തൂർ11.09 ശതമാനം, അഞ്ചൽ10.91, കരവാളൂർ10.56, വെളിയം9.09, കരീപ്ര8.87, അലയമൺ8.80, പട്ടാഴി8.69, കുണ്ടറ8.60, കുളത്തൂപ്പുഴ8.47, ചടയമംഗലം8.02, ഇട്ടിവ7.96, നിലമേൽ7.88, കടയ്ക്കൽ7.75, തെ ല7.68, മേലില7.57, ഇളമാട്7.56, ശൂരനാട് നോർത്ത് 7.48, ഇടമുളയ്ക്കൽ 7.34, വെളിനല്ലൂർ 7.24, ഈസ്റ്റ് കല്ലട7.23, തഴവ 7.17, ക്ലാപ്പന7.06.

# തൃശൂർ പാലപ്പിള്ളിയിൽ കാട്ടാനയുടെ ആക്രമണം; രണ്ടുപേരെ ചവിട്ടിക്കൊലപ്പെടുത്തി

തൃശൂർ: പാലപ്പിള്ളിയിൽ കാട്ടാനയുടെ ആക്രമണത്തിൽ രണ്ടുപേർ മരിച്ചു. ടാപ്പിംഗ് തൊഴിലാളികളായ സൈനുദ്ദീൻ (59), പീതാംബരൻ എന്നിവരാണ് മരിച്ചത്. സൈനുദ്ദീൻറെ മൃതദേഹം കാട്ടാന ചവിട്ടിയരച്ച നിലയിലാണ് നാട്ടുകാർ ആദ്യം കണ്ടെത്തിയത്. പിന്നീട് നടത്തിയ തെരച്ചിലിലാണ് പീതാംബരൻറെ മൃതദേഹം കണ്ടെടുക്കുന്നത്. ചിമ്മിനി വന്യജീവി സങ്കേതത്തോട് ചേർന്നുള്ള പ്രദേശത്താണ് സംഭവം.

# കോവിഡ് സ്ക്വാഡ് പരിശോധന: 35 സ്ഥാപനങ്ങൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന്റെ നിർദ്ദേശപ്രകാരം നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 36 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി.

കൊട്ടാരക്കര, ചടയമംഗലം, ചിതറ, ഇളമാട്, കരീപ്ര, ഇട്ടിവ, എഴുകോൺ, കടക്കൽ, കുളക്കട, കുമ്മിൾ, മേലില, മൈലം, നിലമേൽ, പവിത്രേശ്വരം, പൂയപ്പള്ളി, ഉമ്മന്നൂർ, വെളിയം, വെളിനല്ലൂർ, വെട്ടിക്കവല പ്രദേശങ്ങളിൽ സെക്ടറൽ മജിസ്ട്രേറ്റുമാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 15 കേസുകളിൽ പിഴ ഇടയാക്കുകയും 333 എണ്ണത്തിന് താക്കീത് നൽകുകയും ചെയ്തു.

കരുനാഗപ്പള്ളി, ആലപ്പാട്, ചവറ, കെ.എസ്.പുരം, നീണ്ടകര, പ ന, തഴവ, തൊടിയൂർ, തെക്കുംഭാഗം, തേവലക്കര പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 11 കേസുകളിൽ പിഴയീടാക്കി. 215 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി. കൊല്ലത്ത് കുണ്ടറ, പെരിനാട്, പേരയം, തൃക്കരുവ, കൊറ്റങ്കര, കൊല്ലം കോർപ്പറേഷൻ, ഇളമ്പള്ളൂർ, ചാത്തന്നൂർ, തൃക്കോവിൽവട്ടം, മയ്യനാട്, പനയം, പരവൂർ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ ഒൻപതു കേസുകളിൽ പിഴയീടാക്കി. 335 എണ്ണത്തിന് താക്കീത് നൽകി.

കുന്നത്തൂരിലെ ഏഴു വില്ലേജുകളിൽ സെക്ടറൽ മജിസ്ട്രേറ്റുമാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 89 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി.

# കോൺഗ്രസിൽ ഗ്രൂപ്പുകളുടെ കാലം കഴിഞ്ഞു: കെ. മുരളീധരൻ

കോഴിക്കോട് : കോൺഗ്രസിൽ ഗ്രൂപ്പുകളുടെ കാലം കഴിഞ്ഞെന്നും ആർക്കും എന്തും വിളിച്ചുപറയാനുള്ള സാഹചര്യം ഇനി ഉണ്ടാകില്ലെന്നും കെ. മുരളീധരൻ എംപി. സ്ഥാനമാനങ്ങൾ മെറിറ്റ് അടിസ്ഥാനത്തിൽ മാത്രമാണ്. ഉമ്മൻചാണ്ടി നൽകിയ പേരുകൾ അടങ്ങിയ ഡയറി ഉയർത്തിക്കാട്ടിയ കെ. സുധാകരൻറെ നടപടി തെറ്റില്ലെന്നും അദ്ദേഹം കോഴിക്കോട് പറഞ്ഞു.

നിലവിലുള്ള അപശബ്ദങ്ങളെ പരിഹരിച്ച് പാർട്ടിക്ക് മുന്നോട്ട് പോകാൻ കഴിയും. ചർച്ച ചെയ്യാതെയാണു തീരുമാനങ്ങൾ എടുത്തതെന്നു പറഞ്ഞപ്പോൾ അങ്ങനെയല്ല എന്നു തെളിയിക്കാൻ വേണ്ടിയാണ് സുധാകരൻ ഡയറി ഉയർത്തിക്കാണിച്ചത്. അത് സുധാകരൻറെ ശൈലിയാണ്. താനായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യില്ലായിരുന്നു. എന്നാൽ എല്ലാ ശൈലികളും കോൺഗ്രസിന് ആവശ്യമാണ്.

പാർട്ടിയിലേക്കു യുവാക്കൾ വരട്ടെ. പാർട്ടിയിൽ സീനിയർ നേതാക്കന്മാരെ പരിഗണിക്കണം. ഉമ്മൻചാണ്ടിയും ചെന്നിത്തലയും പറയുന്നത് പാർട്ടി തീർച്ചയായും പരിഗണിക്കും. പ്രായമായവരെ വൃദ്ധസദനത്തിലേക്ക് അയക്കാനും പാടില്ലെന്നതു പുതിയ തലമുറയുടെ ഉത്തരവാദിത്വമാണെന്നും മുരളീധരൻ പറഞ്ഞു.

# നീലവിപ്ലവം കൂട് മത്സ്യകൃഷി മികവുമായി കൊല്ലം ജില്ല

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നീലവിപ്ലവത്തിലൂടെ മീൻ കൂടുകൃഷിയും വിളവെടുപ്പും വിജയകരമായി നടപ്പിലാക്കി നീണ്ടകരയിലെ സ്നേഹതീരം ഗ്രൂപ്പ്. കാളാഞ്ചി, പൊമ്പാനോ, കരിമീൻ തുടങ്ങി 24000 മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിരിക്കുന്നത്. ഒരു വർഷമാണ് പദ്ധതി കാലയളവ്. 19 ടൺ മത്സ്യ ഉൽപാദനം ആണ് ഓരോ യൂണിറ്റിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഭാഗിക വിളവെടുപ്പാണ് ഇപ്പോൾ നടന്നത്.

ജില്ലയിൽ നാല് യൂണിറ്റുകളിലാണ് ഫിഷറീസ് വകുപ്പ് നീലവിപ്ലവം പദ്ധതിയുടെ ഭാഗമായി കൂട് മത്സ്യകൃഷി നടത്തുന്നത്. 90% സർക്കാർ ധനസഹായത്തോടെയാണ് 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നത്. 60 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. 4 മീറ്റർ വീതം നീളവും വീതിയും താഴ്ചയുമുള്ള 20 ഫ്ളോട്ടിങ് കൂടുകളിലാണ് മീൻ വളർത്തൽ.

നീണ്ടകര അമ്പിളി മുക്കിൽ നടന്ന ചടങ്ങിൽ സുജിത്ത് വിജയൻ പിള്ള എം.എൽ.എ ടോറി ഹാരിസ് എക്സ്പോർട്ടിങ് കമ്പനി പ്രതിനിധികൾക്ക് കൈമാറി ആദ്യ വിൽപന നിർവഹിച്ചു. പ്രതികൂല കാലാവസ്ഥ കാരണം തൊഴിൽ മേഖലയിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിക്ക് ഇത്തരത്തിലുള്ള പദ്ധതികളിലൂടെ ശാശ്വത പരിഹാരമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ അധ്യക്ഷനായി. മത്സ്യഫെഡ് ചെയർമാൻ റ്റി.മനോഹരൻ മുഖ്യാതിഥിയായി. നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ആർ. രഞ്ജിത്ത്, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ.സി. പി. സുധീഷ് കുമാർ, ചവറ ബ്ലോക്ക് പഞ്ചായത്ത് അംഗം ജോയി ആന്റണി, വാർഡ് അംഗം എം. രജനി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ. സുഹൈർ, നീണ്ടകര ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എസ്.മഞ്ജു തുടങ്ങിയവർ പങ്കെടുത്തു.

## അധ്യാപക ദിനത്തിനുള്ളിൽ എല്ലാ അധ്യാപകർക്കും വാക്സിനേഷൻ: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: വാക്സിനേഷൻ യജ്ഞത്തിൻറെ ഭാഗമായി നടന്നുവരുന്ന അധ്യാപകരുടെ വാക്സിനേഷൻ അധ്യാപക ദിനമായ സെപ്റ്റംബർ അഞ്ചിനകം പൂർത്തിയാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു.

വാക്സിനെടുക്കാൻ ശേഷിക്കുന്ന അധ്യാപകർ, മറ്റ് സ്കൂൾ ജീവനക്കാർ എന്നിവർ തൊട്ടടുത്തുള്ള ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടണമെന്നും മന്ത്രി അഭ്യർഥിച്ചു. തിങ്കളാഴ്ച 4,78,635 പേർക്ക് വാക്സിൻ നൽകി. അതേ സമയം, സംസ്ഥാനത്തിന് 8,00,860 ഡോസ് വാക്സിൻ കൂടി ലഭ്യമായി. ഇതിൽ 5,09,640 ഡോസ് വാക്സിൻ ഞായറാഴ്ചയും 2,91,220 ഡോസ് വാക്സിൻ തിങ്കളാഴ്ചയുമാണ് എത്തിയത്.

# ചൈനയുമായുള്ള അതിർത്തി തർക്കം ചർച്ചയിലൂടെ പരിഹരിക്കാൻ ആഗ്രഹം

ന്യൂഡൽഹി: ചൈനയുമായുള്ള അതിർത്തി തർക്കം ചർച്ചയിലൂടെ പരിഹരിക്കാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. രാജ്യാതിർത്തികളുടെ പവിത്രത ലംഘിക്കപ്പെടാൻ അനുവദിക്കില്ല. യഥാർഥ നിയന്ത്രണ രേഖയിലെ ഏകപക്ഷീയമായി നീക്കങ്ങൾ കണ്ടില്ലെന്ന് നടക്കില്ലെന്നും രാജ്നാഥ് വ്യക്തമാക്കി.

ചൈനയുമായുള്ള അതിർത്തിയിൽ പ്രത്യക്ഷമായ ചില വ്യത്യാസങ്ങളുണ്ട്. എന്നാൽ ഇരുപക്ഷത്തെയും സൈനികർ പെട്രോളിംഗ് നടത്തുന്നത് സംബന്ധിച്ചു ധാരണകളും നടപടിക്രമങ്ങളും ഉണ്ട്. ചൈന പലപ്പോഴും ഈ നടപടിക്രമങ്ങൾ തെറ്റിക്കുകയായിരുന്നു. ചൈനീസ് സൈന്യത്തിൻറെ യഥാർഥ നിയന്ത്രണ രേഖയിലെ ഏകപക്ഷീയ നീക്കങ്ങൾ ഒരിക്കലും അംഗീകരിക്കാനാകില്ല.

കിഴക്കൻ ലഡാക്കിലെ ഗൽവാൻ താഴ്വരയിലും ഇന്ത്യൻ സേന പ്രതിരോധിച്ച് അതുകൊണ്ടു തന്നെയാണ്. ഇന്ത്യൻ സേനയുടെ ധീരമായ ചെറുത്തു നിൽപ് കാരണം ചൈനീസ് പട്ടാളത്തിൻ പിൻവാങ്ങേണ്ടി വന്നുവെന്നും പ്രതിരോധ മന്ത്രി വ്യക്തമാക്കി.

അഫ്ഗാനിസ്ഥാനിലെ സ്ഥിതി വിശേഷങ്ങൾ ആശങ്കപ്പെടുത്തുന്നതാണെന്നും ഇന്ത്യക്ക് വെല്ലുവിളിയാണെന്നും രാജ്യത്തിൻറെ തന്ത്രങ്ങളിൽ മാറ്റം വരുത്തുമെന്നും രാജ്നാഥ് സിംഗ് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

## ഓൺലൈൻ പരിശീലനം

ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലനകേന്ദ്രം സെപ്റ്റംബർ ഒന്നിന് രാവിലെ 11 മുതൽ 'പാലിൽ നിന്നുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ നടത്തുന്ന ഓൺലൈൻ പരിശീലനത്തിൽ പങ്കെടുക്കാൻ രജിസ്ട്രേഷൻ നടത്താം. സെപ്റ്റംബർ ഒന്ന് രാവിലെ 10.30 വരെയാണ് സമയം. 9947775978 നമ്പരിൽ വാട്സാപ്പ് ചെയ്തും രജിസ്ട്രേഷൻ നടത്താം. ഫോൺ 04762698550.



ഫിഷറീസ് വകുപ്പിന്റെ നീലവിപ്ലവം പദ്ധതിയുടെ ഭാഗമായ കൂട് മത്സ്യകൃഷിയുടെ വിളവെടുപ്പ് ഡോ.സുജിത്ത് വിജയൻപിള്ള എം.എൽ.എ നിർവഹിക്കുന്നു

# മൈസൂരു പീഡനം; നിരവധി കമിതാക്കൾ ഇരയായെന്ന് സൂചന

മൈസൂരു: മൈസൂരുവിലെ ചാമുണ്ഡിക്കുന്നിൽ ആക്രമിക്കപ്പെട്ടതു നിരവധി യുവതികളെന്നു സൂചന. മൈസൂരു പീഡനക്കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തതിനു പിന്നാലെയാണ് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നത്. ഇതേ സംഘം തന്നെ പല യുവതികളെയും സമാനമായ രീതിയിൽ മാനഭംഗപ്പെടുത്തിയിട്ടുണ്ടെന്ന വിവരമാണ് പ്രതികളിൽ നിന്നു ലഭിച്ചിരിക്കുന്നത്. അഞ്ചു പ്രതികളാണ് ഇപ്പോൾ അറസ്റ്റിലായിരിക്കുന്നത്. ഒരാളെകൂടി പിടികിട്ടാനുണ്ട്.

പതിവായി മദ്യവും വാങ്ങി ചാമുണ്ഡി ഹിൽസ് മേഖലയിലേക്ക് സംഘം എത്തുമായിരുന്നു. പ്രണയജോടികളെ ലക്ഷ്യമിട്ടാണ് ഇവർ വരുന്നത്. ഒറ്റപ്പെട്ട സ്ഥലങ്ങളിലോ ചരിവുകളിലോ എത്തുന്ന പ്രണയജോടികളെയാണ് ഇവർ നോട്ടമിട്ടിരുന്നത്. ഒരു പെൺകുട്ടിയെ ലക്ഷ്യമിട്ടു കഴിഞ്ഞാൽ പണവും മറ്റും ആവശ്യപ്പെട്ടു സംഘം ഇവരെ സമീപിക്കും. പതുക്കെ ഇവരെ വളഞ്ഞുവച്ചു ശല്യം ചെയ്യാൻ തുടങ്ങും. പെൺകുട്ടിയുടെ കൂടിയെത്തുന്ന യുവാവ് ഇതിനെ എതിർക്കുകയോ തടയുകയോ ചെയ്യും. ഇതോടെ അക്രമാസക്തരായി മാറുന്ന സംഘം യുവാവിനെ മർദിച്ച് അവശനാക്കും.

തുടർന്നു പെൺകുട്ടിയെ കടന്നുപിടിക്കും. കൂടെയെത്തുന്ന യുവാക്കളുടെ കൺമുന്നിൽ തന്നെയാണ് പെൺകുട്ടികൾ ഇങ്ങനെ അതിക്രമത്തിന് ഇരയായി മാറുന്നത്. ക്രിമിനൽ സംഘത്തെ ഭയന്ന് ആരും ഈ പ്രദേശത്തേക്കുപോലും വരില്ല. പെൺകുട്ടിയെ ക്രൂരമായി മാനഭംഗപ്പെടുത്തിയ ശേഷം അവരുടെ കൈയിലുള്ള പണവും ആഭരണവുമൊക്കെ കൈവശപ്പെടുത്തിയിട്ടാണ് സംഘം പലപ്പോഴും കടന്നുകളയുക. വിവരം പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന ഭീഷണി വേറെയും.

പല പെൺകുട്ടികളെയും ഇതുപോലെ മാനഭംഗപ്പെടുത്തിയിട്ടുണ്ടെങ്കിലും നാണക്കേടും ഭീതിയുംമൂലം ആരും ഇക്കാര്യം പുറത്തുപറയാത്തതാണ് പ്രതികൾക്കു ഇതുവരെ രക്ഷയായിരുന്നത്. വീട്ടുകാരും മറ്റും അറിയാതെയാവും പല പ്രണയജോടികളും ഇവിടെ കറങ്ങാൻ എത്തുന്നത്. അതുമൂലമാണ് മോശം അനുഭവങ്ങൾ നേരിട്ടാലും കമിതാക്കൾ പുറത്തുപറയാത്തത്.

മൈസൂരു സംഭവത്തിലും എന്താണ് സംഭവിച്ചതെന്ന് ആദ്യം കമിതാക്കൾ ആദ്യം വെളിപ്പെടുത്തിയിരുന്നില്ല. എന്നാൽ, പെൺകുട്ടിയുടെ ശാരീരിക സ്ഥിതിയിൽ സംശയം തോന്നിയ ഡോക്ടർമാർ പോലീസിൽ അറിയിച്ചതോടെയാണ് സംഭവത്തിൻറെ ചുരുളഴിഞ്ഞതും സംഭവം മാധ്യമങ്ങളിലെത്തിയതും പ്രതികളെ പോലീസ് പിടിച്ചതും.

തമിഴ്നാട് സ്വദേശികളായ പ്രതികളെ അജ്ഞാത കേന്ദ്രത്തിൽ എസിപി ശശിധറിൻറെ നേതൃത്വത്തിൽ ചോദ്യം ചെയ്തു വരികയാണ്. പീഡനത്തിന് ഇരയായ പെൺകുട്ടി പ്രതികളെ തിരിച്ചറിഞ്ഞെന്നു വിവരമുണ്ട്. പെൺകുട്ടിയെ കഴിഞ്ഞ ദിവസം ഹെലികോപ്ടറിൽ മുംബൈയിലെ ആശുപത്രിയിലേക്കു മാറ്റിയിരുന്നു. തമിഴ്നാട് തിരിപ്പൂർ സ്വദേശികളായ ഭൂപതി (28), മുരുകേശൻ(22), അരവിന്ദ് (21), ജോസഫ് (28), പ്രായപൂർത്തിയാകാത്ത മറ്റൊരു പ്രതി എന്നിവരാണ് പിടിയിലായിട്ടുള്ളത്.

ഖണ്ഡിപ്പാളയ എപിഎംസി യാർഡിലെ തൊഴിലാളികളാണ് ഇവർ. അഞ്ച് പ്രണയജോടികളെ ഇവർ ആക്രമിച്ചതായും കവർച്ച നടത്തിയതായും ഇതിനകം സമ്മതിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. അതേസമയം, ഇതിനേക്കാൾ കൂടുതൽ പേർ ആക്രമണത്തിന് ഇരയായിട്ടുണ്ടോയെന്ന സംശയത്തിൽ പോലീസ് പ്രതികളെ വിശദമായി ചോദ്യം ചെയ്തു വരികയാണ്.

നഗരത്തിലെ സ്വകാര്യ കോളജിൽ എംബിഎയ്ക്കു പഠിക്കുന്ന ഇരുപത്തിരണ്ടുകാരിയാണ് ചൊവ്വാഴ്ച വൈകുന്നേരം 7.30 ഓടെ ചാമുണ്ഡി ഹില്ലിനടുത്ത് ലളിതാദ്രിപുരയിൽ കൂട്ടമാനഭംഗത്തിനിരയായത്. സംഭവം നടന്ന ചൊവ്വാഴ്ച രാത്രി 7.30 മുതൽ ചാമുണ്ഡിഹിൽ പ്രദേശത്തെ ടവർ ലൊക്കേഷൻ പരിശോധിച്ചതിൽനിന്ന് 20 മൊബൈൽ നമ്പറുകൾ പോലീസ് ശേഖരിച്ചിരുന്നു.

ഈ നമ്പറുകളിൽ നാലു മലയാളി വിദ്യാർഥികളുടെ ഫോൺ നന്പർ ഉൾപ്പെട്ടിരുന്നു. ഇതോടെ ഇവരും അന്വേഷണ നിഴലിലായി. എന്നാൽ, പിന്നീട് ഇവർക്കു സംഭവവുമായി ബന്ധമില്ലെന്നു വ്യക്തമായി. സംഭവം വലിയ വാർത്തയായതോടെ വൻ പോലീസ് സംഘമാണ് പ്രതികളെ പിടികൂടാൻ രംഗത്തിറങ്ങിയത്.



സംസ്ഥാനത്തെ സ്കൂളുകളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ജി-സ്യൂട്ട് പ്ലാറ്റ്ഫോമിന്റെ പരിശീലന മൊഡ്യൂളും വിഡിയോകളും പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷിന് നൽകി പ്രകാശനം ചെയ്യുന്നു

# സെപ്റ്റംബർ ഒന്നു മുതൽ ആഴ്ചയിൽ ആറ് ഭാഗ്യക്കുറികൾ

കോവിഡ് രണ്ടാം ഘട്ട വ്യാപനത്തെ തുടർന്ന് ആഴ്ചയിൽ മൂന്ന് ദിവസമായി ചുരുക്കിയ സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പ് ഇന്ന് (സെപ്റ്റംബർ 1) മുതൽ ആഴ്ചയിൽ ആറ് ദിവസം നടക്കും. തിങ്കൾവിൻ വിൻ (ഒന്നാം സമ്മാനം 75 ലക്ഷം രൂപ), ചൊവ്വ സ്ത്രീശക്തി (ഒന്നാം സമ്മാനം 75 ലക്ഷം രൂപ), ബുധൻഅക്ഷയ (ഒന്നാം സമ്മാനം 70 ലക്ഷം), വ്യാഴം കാരുണ്യ പ്ലസ് (ഒന്നാം സമ്മാനം 80 ലക്ഷം), വെള്ളി നിർമ്മൽ (ഒന്നാം സമ്മാനം 70 ലക്ഷം, ശനി കാരുണ്യ (ഒന്നാം സമ്മാനം 80 ലക്ഷം രൂപ), എന്നീ ഭാഗ്യക്കുറികളാണ് ഇന്ന് മുതൽ ഉണ്ടാവുക. ഓരോ ടിക്കറ്റിനും 40 രൂപയാണ് വില. ഈ മാസം 19 ന് നറുക്കെടുക്കുന്ന തിരുവോണം ബമ്പർ 2021 ഭാഗ്യക്കുറിയും വിപണിയിലുണ്ട്. ബമ്പർ ടിക്കറ്റിന് 12 കോടി രൂപയാണ് ഒന്നാം സമ്മാനം. ടിക്കറ്റ് വില 300 രൂപ. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവുവന്നതിനെ തുടർന്ന് വിൻവിൻ, അക്ഷയ, നിർമ്മൽ ഭാഗ്യക്കുറികൾ മാത്രമാണ് വിപണിയിൽ ഉണ്ടായിരുന്നത്. ഇവ 96 ലക്ഷം ടിക്കറ്റുകൾ വരെ വിറ്റഴിഞ്ഞിരുന്നു. ആഴ്ചയിൽ ആറ് ദിവസം നറുക്കെടുപ്പാകുന്നതോടെ ഓരോ ടിക്കറ്റും 90 ലക്ഷം വരെ അച്ചടിക്കാൻ ഓർഡർ നൽകിയിട്ടുണ്ട്. വിൽപ്പനയുടെ ഏറ്റക്കുറച്ചിലുകൾ പരിഗണിച്ച് ഏതാനം ദിവസങ്ങൾക്കകം അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിൽ കൃത്യത വരുത്തും.

തിരുവോണം ബമ്പർ ഭാഗ്യക്കുറി 36 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ചതിൽ ഇതുവരെ 31.5 ലക്ഷം ടിക്കറ്റുകൾ വിറ്റഴിഞ്ഞു. മുൻ വർഷം 44 ലക്ഷം ടിക്കറ്റുകൾ വിറ്റിരുന്നു. ഇക്കൊല്ലം 54 ലക്ഷം ടിക്കറ്റുകൾ വരെ അച്ചടിക്കാവുന്ന വിധത്തിലാണ് സമ്മാന ഘടന രൂപീകരിച്ചിട്ടുള്ളത്. ആഴ്ചയിൽ ആറ് നറുക്കെടുപ്പുകൾ ആകുന്നതോടെ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ടിക്കറ്റുകൾ വിൽക്കണമെന്നാണ് ലോട്ടറി വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശം. തുടർന്ന് സ്ഥിതി ഗതികൾ വിലയിരുത്തി ആവശ്യമായ ഘട്ടങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും മാറ്റങ്ങളും വരുത്തും.

## ന്യൂ ഓർലെൻസിനെ ഇരുട്ടിലാക്കി ഐഡ ചുഴലിക്കാറ്റ്

ന്യൂ ഓർലെൻസ്: ഐഡ ചുഴലിക്കാറ്റ് തീരത്തെത്തിയതോടെ ന്യൂ ഓർലെൻസിൽ വൈദ്യുതി ബന്ധം ഏറെക്കുറെ എല്ലായിടത്തും താറുമാറായി. ജനറേറ്ററുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ലൂസിയാന സംസ്ഥാനത്തെ 750,000 വീടുകളിൽ വൈദ്യുതി ബന്ധം നഷ്ടപ്പെട്ടു. അത് പുനഃസ്ഥാപിക്കാൻ ആഴ്ചകളെടുക്കുമെന്ന് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ പറഞ്ഞു.

2005ൽ ലൂസിയാനയിലും മിസിസിപ്പിയിലും കത്രീന ചുഴലിക്കാറ്റ് ആഞ്ഞടിച്ച ദിവസം തന്നെയാണ് ഐഡയും തീരം തൊട്ടത്. ഐഡ കരയിലേക്ക് പ്രവേശിച്ച ഗ്രാൻഡ് ഐലീയിൽ കടൽ പ്രക്ഷുബ്ധമാണ്. വടക്കൻ മെക്സിക്കോ തീരം ലക്ഷ്യമാക്കി നീങ്ങുന്ന ചുഴലിക്കാറ്റിൻറെ വേഗം 240 കിലോമീറ്ററാണ്.

കാറ്റഗറി നാലിലുള്ള ചുഴലിക്കാറ്റിനെത്തുടർന്ന് നിരവധിപ്പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. പ്രദേശവാസികളെ ന്യൂ ഓർലെൻസ് വിമാനത്താവളത്തിലൂടെയാണ് മാറ്റിയത്.

# ചെല്ലാനത്തിൻെറ തീരസംരക്ഷണത്തിന് 344 കോടി പ്രഖ്യാപിച്ച് മന്ത്രി റോഷി

കൊച്ചി: ചെല്ലാനം തീരസംരക്ഷണത്തിന് 344 കോടിയുടെ പദ്ധതി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പ്രഖ്യാപിച്ചു. കാലവർഷത്തിൽ ചെല്ലാനം തീരവാസികൾ നേരിടുന്ന ദുരിതം ഒഴിവാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പദ്ധതി. കാലതാമസമുണ്ടാകാതെ പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

പദ്ധതിക്ക് കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാക്കാൻ വേണ്ട ടെൻഡർ നടപടി ക്രമങ്ങൾ സെപ്റ്റംബർ 15ന് ആരംഭിച്ച് നവംബറിൽ പൂർത്തിയാക്കും.

ശേഷിച്ച ഭാഗം പഠന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പിന് ഡിപിആർ തയാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന് വേണ്ട തുക അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.

രൂക്ഷമായ കടലാക്രമണം നേരിടുന്ന 10 ഹോട്ട്സ്പോട്ടുകളിലാണ് ആദ്യഘട്ട നിർമാണം. അഞ്ച് വർഷത്തിനുള്ളിൽ 5,300 കോടി പ്രയോജനപ്പെടുത്തി തീരദേശ സംരക്ഷണം നടപ്പിലാക്കും. ടൂറിസം വകുപ്പിൻറെ സഹകരണത്തോടെ ചെല്ലാനത്ത് ടൂറിസം കേന്ദ്രം തുടങ്ങും. ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം കേന്ദ്രങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ ജലസേചന വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ചെല്ലാനം പ്രദേശവാസികൾ നേരിടുന്ന ദുരിതത്തിന് ശാശ്വത പരിഹാരമെന്നത് നാടിൻറെ പൊതു താത്പര്യമായിരുന്നുവെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി.രാജീവ് പറഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിന് അതിവേഗ പ്രവർത്തനമാണ് നടന്നത്. പദ്ധതി പൂർത്തിയാകുമ്പോൾ കൃത്രിമ ബീച്ച് നിർമാണം കൂടി നടത്തിയാൽ ചെല്ലാനത്തെ ടൂറിസം കേന്ദ്രമായി മാറ്റാൻ സാധിക്കുമെന്നും മന്ത്രി പി. രാജീവ് കൂട്ടിച്ചേർത്തു.

ചെന്നൈ ആസ്ഥാനമായ നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച് നടത്തിയ പഠനത്തിൻറെ അടിസ്ഥാനത്തിലാണ് സർക്കാർ തീരസംരക്ഷണ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനമോട്ടാകെ നടത്തിയ പഠനത്തിൽ 10 ഹോട്ട്സ്പോട്ടുകൾ ആണ് തീവ്രമായ തീരശോഷണം നേരിടുന്നതായി കണ്ടെത്തിയത്. ഇതിൽ ചെല്ലാനം തീരത്തിന് പ്രഥമ പരിഗണന നൽകിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

ടെട്രാപോഡുകൾ ഉപയോഗിച്ച് തീരം സംരക്ഷിക്കുന്നതിനൊപ്പം ജിയോ ട്യൂബുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും ചെല്ലാനത്ത് നടപ്പാക്കുന്നുണ്ട്.

ചെല്ലാനം കടലേറ്റം സംബന്ധിച്ച വിഷയത്തിൽ മന്ത്രിമാരായ പി.രാജീവ്, റോഷി അഗസ്റ്റിൻ, സജി ചെറിയാൻ , ആൻറണി രാജു യോഗം ചേർന്നിരുന്നു. തുടർന്നാണ് സർക്കാരിൻറെ 100 ദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തി ചെല്ലാനത്തിന് തുക പ്രഖ്യാപിച്ചത്.

# പ്രിയപ്പെട്ട അധ്യാപകർക്ക് സമ്മാനം നൽകാം; സഹായവുമായി തപാൽ വകുപ്പ്

തിരുവനന്തപുരം : ഓൺലൈൻ ക്ലാസുകൾ നടക്കുന്ന സമയമായതിനാൽ പ്രിയപ്പെട്ട അധ്യാപകർക്ക് സമ്മാനം നൽകാനാവില്ല എന്ന വിഷമം വേണ്ട. അധ്യാപകദിനത്തിന് മുമ്പ് തങ്ങളുടെ അധ്യാപകർക്ക് സമ്മാനങ്ങൾ എത്തിക്കാൻ കേരള തപാൽ സർക്കിൾ വിദ്യാർത്ഥികളെ സഹായിക്കും. അധ്യാപകർ നടത്തിയ പരിശ്രമങ്ങളെ അനുസ്മരിക്കുന്നതിനും അവരുടെ മനോവീര്യം വർധിപ്പിക്കുന്നതിനുമായി 'ആചാര്യ ദേവോ ഭവ' എന്ന പേരിലുള്ള പ്രചാരണമാണ് തപാൽ വകുപ്പ് നടത്തുന്നത്. നാളെ മുതൽ സെപ്റ്റംബർ മൂന്ന് വരെയാണ് അധ്യാപകർക്ക് തപാൽ വഴി സമ്മാനമെത്തിക്കുന്ന പദ്ധതി പ്രാബല്യത്തിലുള്ളത്. ഈ കാലയളവിൽ, ഉപഭോക്താവിന് പോസ്റ്റോഫീസിൽ നിന്നും ഓർഡർ ഫോം പൂരിപ്പിച്ച് കാറ്റലോഗിൽ നിന്നുള്ള സമ്മാനങ്ങൾ തെരഞ്ഞെടുത്ത് അധ്യാപകർക്ക് നൽകാൻ കഴിയും. സമ്മാനത്തോടൊപ്പം ഒരു സന്ദേശം എഴുതി അയയ്ക്കുകയോ, പോസ്റ്റ് ഓഫീസുകളിലെ ലഭ്യമായവയിൽ നിന്ന് തെരഞ്ഞെടുക്കുകയോ ചെയ്യാം. അധ്യാപക ദിനത്തിന് മുമ്പ് സ്പീഡ് പോസ്റ്റായി ഇവ അധ്യാപകർക്ക് കൈമാറും. അധ്യാപകർക്ക് സമ്മാനിക്കാൻ സ്റ്റാമ്പ് പതിപ്പിച്ച കീ ചെയിനുകൾ, ബുക്ക്മാർക്കുകൾ തുടങ്ങി വിവിധതരം ഫിലാറ്റലിക് സമ്മാന ഇനങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി അടുത്തുള്ള തപാൽ ഓഫീസുമായോ പ്രദേശത്തെ പോസ്റ്റുമാനുമായോ ബന്ധപ്പെടേണ്ടതാണ്.

# ആറ് ജില്ലകളിൽ ആർ ടി പി സി ആർ പരിശോധന മാത്രം

വാക്സിനേഷൻ എൺപത് ശതമാനം പൂർത്തീകരിച്ച മൂന്നു ജില്ലകളിലും എൺപത് ശതമാനത്തോടടുത്ത മൂന്നു ജില്ലകളിലും ആർ ടി പി സി ആർ പരിശോധന മാത്രം നടത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗത്തിൽ തീരുമാനിച്ചു. വയനാട്, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലാണ് എൺപത് ശതമാനം പൂർത്തീകരിച്ചത്. വാക്സിനേഷൻ എൺപത് ശതമാനത്തിന് അടുത്തെത്തിയ സാഹചര്യത്തിൽ തിരുവനന്തപുരം, ഇടുക്കി, കാസർകോട് ജില്ലകളിലും ആർടിപിസിആർ ടെസ്റ്റ് മാത്രമാകും നടത്തുക. അതോടൊപ്പം എല്ലാ ജില്ലകളിലും ആർടിപിസിആർ പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ജില്ലകൾക്ക് വാക്സിൻ വിതരണം നടത്തുമ്പോൾ താരതമ്യേന കുറഞ്ഞ തോതിൽ വാക്സിനേഷൻ നടന്ന ജില്ലകളെ പരിഗണിച്ച് ക്രമീകരണം ഉണ്ടാക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാക്സിനേഷൻ കണക്കെടുത്ത് ആനുപാതികമായി വാക്സിൻ നൽകാൻ ജില്ലകളും ശ്രദ്ധിക്കണം.

സി.1.2 കോവിഡ് വകഭേദം കണ്ടെത്തിയ രാജ്യങ്ങളിൽ നിന്ന് വരുന്നവരെ പരിശോധിക്കാൻ വിമാനത്താവളങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കും. അവരെ ആർടിപിസിആർ ടെസ്റ്റിന് വിധേയമാക്കുകയും ക്വാറൻറയിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നല്ലതോതിൽ വാക്സിൻ നൽകാനായിട്ടുണ്ട്. ബാക്കിയുള്ളവർക്ക് കൂടി എത്രയും പെട്ടെന്ന് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നിലവിൽ ഡബ്യുഐപിആർ ഏഴിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ പൂർണ്ണ ലോക് ഡൗണാണ്.

ഗ്രാമ പഞ്ചായത്തുകളിൽ വാർഡുതലത്തിൽ കോവിഡ് പരിശോധനാ വിവരങ്ങൾ ശേഖരിക്കണം. ഇത് ലഭ്യമാകുന്ന മുറയ്ക്ക് വാർഡ്തല ലോക് ഡൗണാകും ഏർപ്പെടുത്തുക. അധ്യാപകരെ സെക്ടറൽ മജിസ്ട്രേറ്റ് ജോലിയിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. സന്നദ്ധരാവുന്ന അധ്യാപകരെ ഉൾപ്പെടുത്താം. നിലവിൽ എട്ട് ലക്ഷം ഡോസ് വാക്സിൻ സംസ്ഥാനത്തിന്റെ പക്കലുണ്ട്. അത് ഉടൻ നൽകി തീർക്കും. സിറിഞ്ചുകളുടെ അഭാവം ഇല്ല. ഐസിയു ബെഡുകളുടെയും വെൻറിലേറ്ററുകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. വീടുകളിൽ കഴിയുന്ന കോവിഡ് ബാധിതരിൽ വാക്സിനേഷൻ സ്വീകരിച്ച ശേഷം കോവിഡ് ബാധിച്ച എത്രപേരുണ്ടെന്ന കണക്ക് എടുക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

# ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ; ഓൺലൈൻ അപേക്ഷയ്ക്കും പേയ്മെന്റിനും സിറ്റിസൺ പോർട്ടൽ

ഗ്രാമപഞ്ചായത്തുകളിലെ ഭരണനിർവഹണ നടപടികളും സേവനങ്ങളും സുതാര്യവും സുഗമവുമാക്കി പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ പഞ്ചായത്ത് വകുപ്പിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച അതിനൂതന സോഫ്റ്റ്വെയർ അപ്ലിക്കേഷനായ സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായത്തിന്റെ (ഐ.എൽ.ജി.എം.എസ്) ഭാഗമായി പ്രത്യേകം തയ്യാറാക്കിയ സിറ്റിസൺ പോർട്ടൽ സെപ്തംബർ ഒന്നുമുതൽ പൊതുജനങ്ങൾക്ക് ലഭ്യമാകും.

സേവനം വിരൽത്തുമ്പിൽ സാധ്യമാക്കുന്ന സിറ്റിസൺ പോർട്ടലിന്റെ ഉദ്ഘാടനം സെപ്റ്റംബർ മൂന്നിന് തദ്ദേശസ്വയംഭരണ, ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഓൺലൈനായി നിർവഹിക്കും.

എല്ലാ സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കാനുള്ള ക്രമീകരണം ഉണ്ടാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഐ.എൽ.ജി.എം.എസ് അപ്ലിക്കേഷൻ വികസിപ്പിച്ചത്.

കേരളത്തിലെ 153 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് നിലവിൽ വിന്യസിച്ചു പ്രവർത്തിക്കുന്നുണ്ട്. രണ്ടാംഘട്ടമായി 150 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് വിന്യസിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ 303 ഗ്രാമപഞ്ചായത്തുകളിലേക്ക് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്ത ലോഗിനിലൂടെയും അക്ഷയ സെന്ററുകളിലൂടെയും 213 സേവനങ്ങൾ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കാനും ഓൺലൈൻ പെയ്മെന്റ് നടത്താനും സേവനങ്ങൾ ഓൺലൈനായി ലഭിക്കാനും പൊതുജനങ്ങൾക്ക് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 638 ഗ്രാമപഞ്ചായത്തുകളിൽ കൂടി സേവനങ്ങൾക്കായി ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കാനും സർക്കാർ നിർദേശ പ്രകാരം ഐഎൽജിഎംഎസിന്റെ തന്നെ ഭാഗമായി പ്രത്യേകം തയ്യാറാക്കിയതാണ് സിറ്റിസൺ പോർട്ടൽ.

# പാലക്കാട് വ്യാവസായിക ട്രൈബ്യൂണൽ സിറ്റിംഗ്

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും, ഇൻഷുറൻസ് കോടതി ജഡ്ജിയും, എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ സെപ്തംബർ 6, 7, 13, 14, 20, 27, 28 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും (ഞളച്ഛ ഈൗ ര), 3, 9 തീയതികളിൽ പെരിന്തൽമണ്ണ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും, 17, 24 തീയതികളിൽ മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്ക കേസുകളും, ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻപൻസേഷൻ കേസുകളും വിചാരണ ചെയ്യും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.